# മുഖ്യമന്ത്രിയോടുള്ള ചോദ്യങ്ങൾക്കുള്ള വിശദീകരണം

**ചോദ്യം 1** :

ഐ.ടി. പോളിസി അനുസരിച്ച് യു.ഡി.എഫ്, സ്മാർട്ട് സിറ്റിക്ക് 99 വർഷത്തെ പാട്ടത്തിന് (ഏക്കറിന് 1 രൂപ പാട്ടം) കൊടുക്കാം എന്ന് സമ്മതിച്ച സ്ഥലത്തിന് കലക്ടർ അന്ന് നിശ്ചയിച്ച മാർക്കറ്റ് വില സെന്റിന് 20000 രൂപ വച്ച് 100 ഏക്കറിന് 20 കോടി രൂപയായിരുന്നു. അത് വളരെ കുറഞ്ഞു പോയെന്നും ഭൂമി കുംഭകോണമാണെന്നും അങ്ങ് ആരോപിക്കുകയുണ്ടായി. ഏക്കറിന് 3.5 കോടി എന്ന നിരക്കിൽ 350 കോടി രൂപ അങ്ങ് വിലവച്ച അതേ സ്ഥലം ഇന്ന് ടീക്കോമിന് കൈമാറുമ്പോൾ ഈ 100 ഏക്കർ സ്ഥലത്തിന്റെ വിലയെത്രയാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്? രണ്ടു വർഷം മുൻപ് യു.ഡി.എഫ്. കണക്കാക്കിയിരുന്ന 20 കോടിയുടെ സ്ഥാനത്ത് എന്തു വിലയാണ് ഇപ്പോൾ ഇട്ടിരിക്കുന്നത്? കിൻഫ്രയുടെ 10 ഏക്കർ സ്ഥലവും കൊടുക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ സ്ഥലത്തിനും ഇപ്പോൾ ഗവൺമെന്റ് കണക്കാക്കിയിരിക്കുന്ന വില എത്ര?

**ചോദ്യം 2** :

23.04.2007-ൽ അങ്ങ് നടത്തിയ പത്ര സമ്മേളനത്തിൽ യു.ഡി.എഫ്. 236 ഏക്കർ 36 കോടി രൂപയ്ക്ക് കൊടുക്കാൻ കരാറുണ്ടാക്കി എന്നും എൽ.ഡി.എഫ്. 246 ഏക്കർ 104 കോടിക്കാണ് കൊടുക്കുന്നത് എന്നും പറഞ്ഞു. യു.ഡി.എഫ്.ന്റെ കാലത്തെ 36 കോടിയെക്കാൾ 68 കോടി രൂപ അധികം വാങ്ങി എൽ.ഡി.എഫ്. ഭൂമി കൊടുക്കുന്നു. 36 കോടി രൂപയ്ക്ക് യു.ഡി.എഫ്. എഗ്രിമെന്റ് വച്ചപ്പോൾ ഗവൺമെന്റിന്റെ സൗജന്യം 46 കോടി രൂപ മാത്രം ആയിരുന്നു.

യു.ഡി.എഫ്.ന്റെ കാലത്ത് ഐ.ടി. പോളിസി അനുസരിച്ച് 33300 തൊഴിൽ അവസരം നേരിട്ട് സൃഷ്ടിക്കും എന്ന വ്യവസ്ഥയിൽ 100 ഏക്കർ 99 വർഷത്തെ പാട്ടത്തിന് കൊടുത്ത ഈ ഭൂമിക്ക് കളക്ടർ 20 കോടി വില മതിക്കുകയും സർക്കാർ അത് പ്രഖ്യാപിക്കുകയും ചെയ്തു. 136 ഏക്കർ സെന്റിന് 26470 എന്ന് വില നിശ്ചയിച്ച് 36 കോടി രൂപയ്ക്ക് ടീകോമിന് കൊടുക്കുവാനായിരുന്നു തീരുമാനം. എന്നാൽ സ്ഥല ഉടമകൾ അധിക വില ആവശ്യപ്പെട്ടപ്പോൾ സർക്കാർ 26 കോടി രൂപ കൂടി അനുവദിച്ചു (Cabinet Decision on 01.03.2006). യു.ഡി.എഫ്. കൊടുത്ത മൊത്തം സൗജന്യം 20 + 26 കോടി = 46 കോടി ആയിരുന്നു. ഇത് വളരെ സുതാര്യവുമായിരുന്നു. 36 കോടിക്ക് പകരം സ്ഥലത്തിന് 104 കോടി രൂപ എൽ.ഡി.എഫ്. ഗവൺമെന്റ് വാങ്ങുമ്പോൾ ഗവൺമെന്റ് നല്കുന്ന സൗജന്യം എത്രയെന്ന് വ്യക്തമാക്കാമോ? 100 ഏക്കർ ഗവൺമെന്റ് ഭൂമിയുടെ വിലയും, 10 ഏക്കർ കിൻഫ്രയുടെ സ്ഥലത്തിന്റെ വിലയും, 136 ഏക്കർ അക്വയർ ചെയ്യുമ്പോൾ ഗവൺമെന്റിന്റെ ബാധ്യതയും കൂടി കൂട്ടിയാൽ ഗവൺമെന്റ് ഇപ്പോൾ നല്കുന്ന സൗജന്യം എത്രയെന്ന് അറിയാം. യു.ഡി.എഫ്.ന്റെ കാലത്ത് 36 കോടിക്ക് 236 ഏക്കർ ടീക്കോമിന് കൊടുക്കുമ്പോൾ സൗജന്യം 46 കോടി രൂപ. 246 ഏക്കറിന് 104 കോടി രൂപ വാങ്ങുമ്പോൾ സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന സൗജന്യം എത്ര? യു.ഡി.എഫ്. ചെയ്തതുപോലെ ഗവൺമെന്റിന്റെ ബാധ്യതകൂടി കണക്കിലെടുക്കാത്തത് യാഥാർത്ഥ്യം പുറത്തു വരാതിരിക്കുവാനല്ലേ? പുതിയ സംരംഭം വരുവാൻ സൗജന്യം കൊടുക്കുന്നതിന് ഞാൻ എതിരല്ല. പക്ഷേ അത് എത്രയെന്ന് ഗവൺമെന്റ് കണക്കുകൂട്ടണ്ടേ? അത് ജനങ്ങളെ അറിയിക്കേണ്ടേ? യു.ഡി.എഫ്. ചെയ്തത് അതാണ്.

**ചോദ്യം 3 :**

എൽ.ഡി.എഫ്.ന്റെ കരാറിലെ മറ്റൊരു ആകർഷണമായി അവകാശപ്പെടുന്നത് 90000 തൊഴിൽ എന്നതാണ്. യു.ഡി.എഫ്. സർക്കാർ തയ്യാറാക്കിയ കരാറിൽ ഇൻഫോ പാർക്കിൽ ഉള്ളതും, വിപ്രോ, ലീല എന്നിവയിൽ വരാനിരിക്കുന്നതിനും പുറമെ 33300 Direct Job എന്നാണ് പ്രതിപാദിച്ചിരിക്കുന്നത് (Art. 5.4 and Art. 6.3). എന്നാൽ അങ്ങയുടെ സർക്കാർ തയ്യാറാക്കിയ കരാറിൽ എങ്ങും തന്നെ Direct Job എന്നോ I.T. Job എന്നോ കാണുന്നില്ല. ഇത് അച്ചടി പിശകോ അതോ അബദ്ധത്തിൽ സംഭവിച്ചതോ? ഒരു ഐ.ടി. Job ന് മൂന്ന് Indirect Job എന്നതാണ് കണക്ക്. അതിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ "Direct Job" എന്നത് മാറ്റി 90000 തൊഴിൽ എന്ന് മാത്രമാക്കിയത് ഒരു നേട്ടമാണോ? അതോ വലിയ നേട്ടമെന്ന് വരുത്തി തീർക്കുവാൻ നടത്തുന്ന ശ്രമമോ? എഗ്രിമെന്റിൽ 90000 Direct Job എന്നാക്കി മാറ്റുവാൻ അങ്ങേയ്ക്ക് സാധിക്കുമോ? എങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേട്ടമായി ഞാൻ പരസ്യമായി സമ്മതിക്കാം. അല്ലെങ്കിൽ ജനങ്ങളെ കബളിപ്പിക്കുവാൻ നടത്തുന്ന കപടതന്ത്രം എന്ന് ഇതിനെ വിശേഷിപ്പിക്കേണ്ടി വരും.

**ചോദ്യം 4 :**

യു.ഡി.എഫ്. കരാർ പ്രകാരം ആകെ പ്രാരംഭ മൂലധന നിക്ഷേപം 240 കോടിയായിരുന്നു. അതിൽ 21.6 കോടി, അതായത് 9 ശതമാനം ഓഹരിക്കുവേണ്ടി വരുന്ന തുക കേരള സർക്കാരും ബാക്കി 91 ശതമാനം ഓഹരിക്കായി 218.4 കോടി രൂപ ടീക്കോമും പ്രാരംഭ മൂലധനമായി മുടക്കണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ എ.ഡി.എഫ്. കരാർ പ്രകാരം ടീക്കോം പ്രാരംഭ മൂലധനമായി 100.8 കോടി രൂപ മാത്രം മുടക്കിയാൽ മതി. ഈ ഇനത്തിൽ മാത്രം ടീക്കോമിന് 117.6 കോടി രൂപയുടെ മൂലധന നിക്ഷേപത്തിൽ കുറവു വരത്തിയതു എന്തിന്. 120 കോടി രൂപയുടെ മൂലധനനിക്ഷേപത്തിൽ 104 കോടി രൂപ ഭൂമിക്കു വേണ്ടി

നല്കുമ്പോൾ കേവലം 16 കോടി രൂപ മാത്രമാണ് കമ്പനിയുടെ കൈയിൽ അവശേഷിക്കുന്നത്. കടം എടുക്കുന്ന പണത്തെ ആശ്രയിച്ചു മാത്രമെ കമ്പനിക്കു മുമ്പോട്ടു പോകുവാൻ കഴിയൂ. ഈ വസ്തുത അച്യുതാനന്ദൻ ബോധപൂർവ്വം ജനങ്ങളിൽ നിന്നും മറച്ചു വയ്ക്കുന്നു.

<u>ചോദ്യം 5 :</u>

ഈ കരാർ വ്യവസ്ഥയനുസരിച്ച് കമ്പനിയുടെ അംഗീകൃതമൂലധനം 680 കോടി രൂപയാണ്. ഇതിൽ 16 ശതമാനം വാങ്ങണമെങ്കിൽ തന്നെ 108.8 രൂപാ വേണ്ടി വരും. ബാക്കി പത്തു ശതമാനം ഓഹരികൾക്ക് സ്വാഭാവികമായി ഉണ്ടാകുന്ന ക്രയവർദ്ധന കൂടി കണക്കിലെടുത്താൽ അത് കുറഞ്ഞത് 400 കോടി രൂപയായി എങ്കിലും ഉയരും. അതാകട്ടെ സംസ്ഥാന സർക്കാരിന് താങ്ങാനാകാത്ത സാമ്പത്തി ബാധ്യത വരുത്തിവയ്ക്കുകയും ചെയ്യും. ഒപ്പം പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള അവസരത്തെ അത് ഇല്ലാതാക്കും.

നമ്മളുടെ വിഭവശേഷി കൊണ്ട് ഉണ്ടാക്കുന്ന ലാഭം നമ്മൾ ഭീമമായ ഒരു തുക കൊടുത്ത് വാങ്ങേണ്ടി വരുന്നു എന്നത് സംസ്ഥാന താല്പര്യത്തെ സംരക്ഷിക്ക ലാണോ? ശമ്പളത്തിനു പോലും കടം വാങ്ങേണ്ടുന്ന അവസ്ഥയുള്ള ഈ സംസ്ഥാനത്തിന് ഇതൊരു അധികബാദ്ധ്യത ആയിരിക്കും എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.

സ്ഥലകൈമാറ്റത്തിലൂടെയും ഇൻഫോ പാർക്ക് നൽകുന്നതിലൂടെയും ലഭിക്കുന്ന തുക യു.ഡി.എഫ്. സർക്കാർ മറ്റു ജില്ലകളിൽ ഐ.ടി. സംരംഭങ്ങൾ തുടങ്ങുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. അതാണ് യുക്തിപൂർവ്വമായ നടപടിയും അതിനു പകരം ഈ കമ്പനിയിൽ തന്നെ പണം നിക്ഷേപിക്കുന്നതു കൊണ്ട് തൊഴിൽ സാധ്യത വർദ്ധിക്കുന്നില്ല.

ഭൂമി ഇടപാടിൽ 106 കോടി രൂപയും ഷെയർ ഇനത്തിൽ 117.6 കോടി രൂപയും ഇളവ് നല്കിയതിനു പുറമേയാണ് 12% ഫ്രീ ഹോൾഡ് ഇനത്തിൽ 29.5 ഏക്കർ ഭൂമി സൗജന്യമായി നല്കുന്നത്.

**<u>ചോദ്യം 6</u>** :

എൽ.ഡി.എഫ്. 246 ഏക്കർ 99 കൊല്ലത്തെ പാട്ടത്തിനാണ് 104 കോടി രൂപ വാങ്ങി ടീക്കോമിന് കൊടുക്കുന്നത്. 100 ഏക്കർ ഗവൺമെന്റിന്റെ ഭൂമിയും 146 ഏക്കർ ഗവൺമെന്റ് വില കൊടുത്ത് അക്വയർ ചെയ്യുന്നതുമാണ്. ഈ ഭൂമി ടീക്കോമിന് വില്ക്കുന്നതിനു തുല്യമായിട്ടാണ് ഗവൺമെന്റ് കൊടുക്കുന്നത്. സാങ്കേതികമായി 12% മാത്രമേ Free hold ആയി കൊടുക്കുന്നുള്ളൂ. ബാക്കി പാട്ടത്തിനും. ടീക്കോം പാട്ടത്തിന് ഭൂമി വാങ്ങുമ്പോൾ അത് കമ്പനിയുടെ ചെലവായി കണക്കാക്കാം. ഈ തുകയുടെ 33.6% ഐ.ടി. എക്സംപ്ഷന് അവകാശപ്പെട്ടതാണ്. അതായത് 104 കോടി രൂപയുടെ 1/3 ടീക്കോമിന് തിരിച്ചു കിട്ടും. കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ട 34.94 കോടി രൂപ ടീക്കോമിന് ലഭിക്കുവാൻ അവസരം നല്കിയിരിക്കുകയല്ലേ? സൗജന്യം കൊടുക്കാത്ത സാഹചര്യത്തിൽ ഈ തുക വിലയായി കണക്കാക്കിയിരുന്നുവെങ്കിൽ ഐ.ടി. എക്സംപ്ഷൻ ടീക്കോമിന് ലഭിക്കില്ല എന്ന് മനസ്സിലാക്കി പൊതു താല്പര്യം സംരക്ഷിക്കേണ്ടതായിരുന്നില്ലേ? ഇത് അറിയാതെ സംഭവിച്ചതോ അതോ പിടിപ്പുകേടോ?